# പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 7709 — 15.07.2014 -ലെ മറുപടിക്ക്

## തൃശ്ശൂരിലെ കോൺഗ്രസ് നേതാക്കളുടെ കൊലപാതകം

**ചോദ്യം**

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

(എ) തൃശ്ശൂരിലെ കോൺഗ്രസ് നേതാക്കളായിരുന്ന മധു ഈച്ചരത്തിന്റെയും ലാൽജിയുടെയും കൊലപാതകം രാഷ്ട്രീയ വൈരാഗ്യത്തിന്റെ പേരിലാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

**മറുപടി**

**ശ്രീ. രമേശ് ചെന്നിത്തല**
(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

(എ) ഉണ്ട്. തൃശ്ശൂരിലെ അയ്യന്തോൾ യൂത്ത് കോൺഗ്രസ് മണ്ഡലം കമ്മിറ്റി തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് കൊല്ലപ്പെട്ട മധുവും കൊല്ലപ്പെട്ട ലാൽജിയുടെ സഹോദരനായ പ്രേംജിയും തമ്മിൽ തർക്കങ്ങൾ ഉണ്ടായതിനെ തുടർന്ന് വൈരാഗ്യത്താൽ കൊല്ലപ്പെട്ട മധുവും ടിയാന്റെ കൂട്ടാളികളും ചേർന്ന് പ്രേംജിയെ വീട്ടിൽകയറി ആക്രമിച്ച് പരിക്കേൽപ്പിക്കുകയും ചെയ്തിരുന്നു. കൂടാതെ മധു പ്രതിയായ കൊലപാതക കേസിലെ (തൃശ്ശൂർ വെസ്റ്റ് പോലീസ് സ്റ്റേഷൻ ക്രൈം 28/2004) പ്രധാന സാക്ഷിയായിരുന്ന മാർട്ടിൻ എന്നയാളെ ടി കേസിൽ മധുവിനെതിരായി സാക്ഷി പറയാതിരിക്കുന്നതിനായി ടി മധു ഭീഷണിപ്പെടുത്തിയിരുന്നു. ഇക്കാര്യത്തിൽ മധു ആക്രമിക്കുമെന്ന് മാർട്ടിനും ഭയമുണ്ടായിരുന്നു. മേൽപ്പറഞ്ഞ കാരണങ്ങളെ തുടർന്നുള്ള വൈരാഗ്യത്തെ തുടർന്നാണ് പ്രേംജിയും മാർട്ടിനും അവരുടെ കൂട്ടാളികളും ചേർന്ന് മധുവിനെ കൊലപ്പെടുത്തിയത് എന്ന് വെളിവായിട്ടുണ്ട്. മധുവിന്റെ കൊലപാതകത്തിന്റെ പിന്നിൽ പ്രവർത്തിച്ചത് ലാൽജിയാണെന്ന് മധുവിന്റെ

| | |
|---|---|
| | ബന്ധുക്കളും കൂട്ടാളികളും കരുതിയിരുന്നു. ഈ വൈരാഗ്യമാണ് ലാൽജിയുടെ കൊലപാതകത്തിന് കാരണമായതെന്ന് വെളിവായിട്ടുണ്ട്. |
| (ബി) പ്രസ്തുത കൊലപാതകത്തിന് മറ്റെന്തെങ്കിലും കാരണങ്ങളും ഗൂഢാലോചനയുമുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) മറ്റ് കാരണങ്ങളൊന്നും അന്വേഷണത്തിൽ നിന്നും വെളിവായിട്ടില്ല. |
| (സി) പ്രസ്തുത രണ്ട് കൊലപാതകങ്ങൾ സംബന്ധിച്ച് കുടുംബാംഗങ്ങളും സുഹൃത്തുക്കളും നൽകിയ മൊഴിയുടെയും പരാതികളുടെയും പകർപ്പ് ലഭ്യമാക്കാമോ; | (സി) പ്രസ്തുത കേസുകൾ ബഹു: കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതായതിനാൽ പകർപ്പുകൾ ലഭ്യമല്ല. |
| (ഡി) പ്രസ്തുത കേസിന്റെ എഫ്.ഐ.ആറിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) എഫ്.ഐ.ആറിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**